(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ റോഡിൽ വീതി കുറവുള്ള സ്ഥലം വീതികൂട്ടുന്നതിന് എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ പരിഗണനയിലുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സ്റ്റേറ്റ് ഹൈവേ 38 (പുതിയങ്ങാടി-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ്) അഭിവൃദ്ധിപ്പെടുത്തുന്നതിനായി 1522 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ വെള്ളം കെട്ടിക്കിടക്കുന്ന റോഡ് ഭാഗം ഉയർത്താനും വീതികുറഞ്ഞ ഭാഗങ്ങൾ വീതികൂട്ടാനുമുള്ള ശുപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊടകര-ആളൂർ-അഷ്ടമിച്ചിറ-വൈന്തല-അന്നമനട-മുഴിക്കുളം-അത്താണി റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കുവാൻ നടപടി

56 (1366) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന കൊടകര-ആളൂർ-അഷ്ടമിച്ചിറ-വൈന്തല-അന്നമനട-മുഴിക്കുളം- അത്താണി റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കുവാൻ ഉള്ള നടപടികളുടെ സ്ഥിതി എന്തായി എന്ന് വിശദമാക്കാമോ ;

(ബി) അടിയന്തിരമായി ഈ റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തൃശ്ശൂർ ജില്ലയിലെ പെരുമ്പിലാവിൽ നിന്ന് മലപ്പുറം ജില്ലയിലെ നിലമ്പൂർ വരെ ഹൈവേ

57 (1367) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ പെരുമ്പിലാവിൽ നിന്ന് മലപ്പുറം ജില്ലയിലെ നിലമ്പൂർ വരെ ഹൈവേ നിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ഒരു ഹൈവേ നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly